44. ടൂറിസ്റ്റ് സ്ഥിതിവിവരകണക്ക്, സർവ്വേ എന്നിവ

45. തദ്ദേശീയ ഉത്സവങ്ങൾക്കുള്ള ധനസഹായം, സാംസ്ക്കാരിക പരിപാടികൾക്കും വള്ളംകളിക്കും ഉള്ള ധനസഹായം.

46. ടൂറിസം അനുബന്ധ വ്യവസായങ്ങൾക്ക് മൂലധന സബ്സിഡിയുടെയും വൈദ്യുത സബ്സിഡികളുടെയും വിതരണം.

47. ടൂറിസം ഡയറക്ടറേറ്റിന് വേണ്ടിയുള്ള പുതിയ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം.

48. കോവളം, വേളി, വർക്കല മുതലായ ബീച്ചുകളുടെ വികസനവും ശുചീകരണവും.

49. ധർമ്മടം ദ്വീപിന്റെ വികസനം.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കും മുൻവർഷങ്ങളിൽ അനുവാദം നൽകി തുടർന്ന് വരുന്നതുമായ പദ്ധതികൾക്കുമായി ഉദ്ദേശം 60 കോടിയോളം രൂപ ടൂറിസം വകുപ്പ് ചെലവഴിക്കുന്നുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ കഴിയുന്നതോടൊപ്പം തെരഞ്ഞെടുത്ത ടൂറിസ്റ്റ് ഡസ്റ്റിനേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം സെന്ററുകളാക്കാൻ കഴിയുന്നതാണ്. ഇതുമൂലം കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഈ വർദ്ധനവ് മൂലം ടൂറിസം വ്യവസായത്തിൽ നിന്നുള്ള വരുമാനവും, തൊഴിൽ സാധ്യതകളും ടൂറിസം മേഖലയിലുള്ള മുതൽ മുടക്കും കാര്യമായി വർദ്ധിക്കുന്നതാണ്.

ഗസ്റ്റ്ഹൗസിലെ കുടിശ്ശിക

169 (1104) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെങ്കിലും എം.എൽ.എ.-മാർക്ക് ഗസ്റ്റ് ഹൗസുകളിൽ പേമെന്റ് കുടിശ്ശികയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരുടെയൊക്കെ പേരിൽ എത്ര തുക വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കുടിശ്ശിക കൊടുക്കാൻ ഇല്ലാത്ത ഏതെങ്കിലും എം.എൽ.എ. യുടെ പേരിൽ കുടുശ്ശിക തുക എഴുതി വച്ചത് സംബന്ധിച്ച ഏതെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly